**QP CODE** **Enrollment Number: .................**

**H1046** **Name: ..................................**

**BA DEGREE EXAMINATIONS, FEBRUARY 2026**

**Fifth Semester**

**B.A. Malayalam Language and Literature**

**B21ML05DC – മലയാളകവിത – പ്രാചീന – മധ്യകാലീനം**

**(2022 admissions)**

**(Supplementary/Improvement)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റ വാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക. ഒരു മാർക്ക് വീതം

1. മണിപ്രവാളത്തിന്റെ ലക്ഷണ ഗ്രന്ഥം ഏതാണ്?
2. രാമചരിതത്തിൽ എത്ര പടലങ്ങൾ ഉണ്ട്?
3. ഞാറ്റുപാട്ടുകൾ എന്താണ്?
4. 'മഹിളാളി മഹാസ്പദം' എന്ന് മണിപ്രവാളത്തെ വിശേഷിപ്പിച്ചതാര്?
5. ആദ്യത്തെ മണിപ്രവാള കൃതിയായി കരുതപ്പെടുന്നത് ഏതാണ് ?
6. 'രാമായണം ചമ്പു'വിലെ ഉദ്യാനപ്രവേശം ഏത് കൃതിയെയാണ് അടിസ്ഥാനമാക്കുന്നത്?
7. ചോള നാണയമായ ആനയച്ചിനെക്കുറിച്ച് പരാമർശമുള്ള ചമ്പു കാവ്യം ഏതാണ്?
8. കൃഷ്ണഗാഥയുടെ കർത്താവാര് ?
9. 'രാമകഥപ്പാട്ട്' പാടാൻ ഉപയോഗിച്ചിരുന്ന വാദ്യോപകരണം ഏതാണ് ?
10. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?
11. 'കുചേലവൃത്തം വഞ്ചിപ്പാട്ട്' എന്ന കാവ്യം എഴുതിയതാര്?
12. കഥകളിയുടെ ഉത്ഭവം ഏതു കലാരൂപത്തിൽ നിന്നാണ്?
13. 'സഭാപ്രവേശം' ഏത് വിഭാഗത്തിൽപ്പെട്ട തുള്ളൽ ആണ് ?
14. ഗാഥ എന്ന പദത്തിന്റെ അർത്ഥമെന്താണ്?
15. ദ്രാവിഡ അക്ഷരങ്ങൾ എത്രയാണ്?

**(1X10=10)**

## സെക്ഷൻ ബി

ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതം

16. മുക്തകം എന്താണ്?

17. മണിപ്രവാള ഭാഷയിൽ രചിക്കപ്പെട്ട ആദ്യ സന്ദേശകാവ്യം ഏതാണ് ? അതിന്റെ പ്രത്യേകത എന്താണ്?
18. "വിദ്യകൊണ്ടറിയേണ്ടതറിയാതെ
    വിദ്വാനെന്നു നടിക്കുന്നിതുചിലർ"- ആശയം വ്യക്തമാക്കുക.
19. നിരണം കവികൾ എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം ? അവരുടെ ഓരോ കൃതിയുടെ പേരെഴുതുക.
20. സർപ്പപ്പാട്ടുകൾ എന്താണെന്ന് വിശദീകരിക്കുക.
21. 'ഇട്ടിയച്ചി' എന്ന കാവ്യത്തെക്കുറിച്ച് കുറിപ്പെഴുതുക.
22. അകം കവിതകൾ ,പുറം കവിതകൾ ഇവ എന്താണെന്ന് വിശദീകരിക്കുക.
23. "തേവൻചിരികുമാച്ചൊന്ന
    ചമ്പുമുറ്റവുമാദരാൽ
    രാമൻചിരികുമാനേട്ടി
    ലെഴുതിക്കൂട്ടിനാ" ആശയം വ്യക്തമാക്കുക.
24. 'രാമകഥപ്പാട്ടി'നെക്കുറിച്ച് കുറിപ്പെഴുതുക.
25. "കാനനങ്കളിലരൻകളിറുമായ്ക്കരിണിയായ്
    കാർനെടുങ്കണ്ണുമ തമ്മിൽ വിളയാടി നടന്റ..."- ഏതു കൃതിയിലേതാണ് ഈ വരികൾ?ആശയം വ്യക്തമാക്കുക.

**(2X5=10)**

## സെക്ഷൻ സി

ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതം.

26. "ഭടജനങ്ങളുടെ നടുവിലുള്ളൊരു
    പടയണിക്കിഹ ചേരുവാൻ
    വടിവിയന്നൊരു ചാരുകേരള
    ഭാഷ തന്നെ ചിതം വരൂ"- ആശയം വ്യക്തമാക്കുക.
27. 'ഗോപികാദു:ഖ'ത്തിലെ ഹാസ്യ രസത്തെക്കുറിച്ച് വിവരിക്കുക.
28. 'സഭാപ്രവേശം' തുള്ളലിനെക്കുറിച്ച് വിവരണക്കുറിപ്പെഴുതുക.
29. കിളിപ്പാട്ട് പ്രസ്ഥാനത്തെ കുറിച്ച് കുറിപ്പെഴുതുക.
30. മധ്യകാല ചമ്പുക്കൾ ഏതെല്ലാം? വിവരിക്കുക.
31. "വക്ഷോദേശേ സുരതകലഹവ്യാകുലതാം വഹന്തം
    യക്ഷി കാചിൽ പുനരമുമുറങ്ങിന്റ നേരം" - ഏത് കൃതിയിലേതാണ് വരികൾ ? ആശയം വ്യക്തമാക്കുക.
32. അനുഷ്ഠാഗാനങ്ങൾ എന്താണെന്ന് വിശദീകരിക്കുക.
33. മണിപ്രവാളത്തെ നിർവചിച്ച് ഉദാഹരണസഹിതം വിശദമാക്കുക.
34. 'ഉണ്ണിച്ചിരുതേവീചരിതത്തിന്റെ ഇതിവൃത്തമെന്ത്? പ്രസക്തി വിശദമാക്കുക.
35. എന്താണ് തെക്കൻപാട്ടുകൾ? പ്രത്യേകതകൾ എഴുതുക.
36. നെയ്തൽ എന്തെന്ന് വിവരിച്ച് എഴുതുക.

**QP CODE**
**H1046**

37. "പ്രേമം തഴയ്ക്കയാൽ മെയ്യിലെഴുന്നോരു
    രോമാഞ്ചകഞ്ചുകമാണ്ടു ചെമ്മേ" -
    ഏത് കവിതയിലെ വരികളാണ്? ആശയം എഴുതുക.

**(5X6=30)**

## സെക്ഷൻ ഡി

ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം

38. പാട്ടു പ്രസ്ഥാനത്തിന്റെ സവിശേഷതകൾ രാമചരിതത്തിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ട് എന്ന് വിലയിരുത്തുക.
39. പ്രാചീന മധ്യകാല ചമ്പുക്കൾ ഏതെല്ലാം തലങ്ങളിൽ വ്യത്യാസപ്പെടുന്നു. ഉദാഹരണസഹിതം വിവരിക്കുക.
40. ജ്ഞാനപ്പാനയിലെ ദാർശനികതലം വിശകലനം ചെയ്ത് ഉപന്യസിക്കുക.
41. നമ്പ്യാരുടെ വർണ്ണനാ പാടവം സഭാപ്രവേശം തുള്ളലിനെ അടിസ്ഥാനമാക്കി വിവരിക്കുക.

**(10X2=20)**